# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 263 (a)/2024** **തിരുവനന്തപുരം, തീയതി: 25/11/2024**

## പത്രക്കുറിപ്പ്

## ഭരണഘടനാ ദിനാഘോഷം

ഭരണഘടനാ ദിനാഘോഷത്തിന്റെ ഭാഗമായി കേരളസർവകലാശാല നിയമ വകുപ്പ് ഡോ.ബി.ആർ. അംബേദ്കർ ചെയർ ഭരണഘടനാ സഭയിലെ ചർച്ചകൾ ആസ്പദമാക്കി നടത്തുന്ന ദേശീയ സെമിനാർ 2024 നവംബർ 25 ന് രാവിലെ 11 മണിക്ക് സർവകലാശാല സെനറ്റ് ചേംബറിൽ ഡോ.ദൻസാരി അനസൂയ (പഞ്ചായത്തീരാജ്, ഗ്രാമവികസന, ഗ്രാമീണ ജലവിതരണ, വനിത-ശിശുക്ഷേമ മന്ത്രി, തെലങ്കാന) ഉദ്ഘാടനം ചെയ്യും. കേരളസർവകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) മോഹനൻ കുന്നുമ്മൽ അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ സംസ്ഥാന വനിതാ കമ്മീഷൻ അദ്ധ്യക്ഷ അഡ്വ. പി.സതീദേവി, സർവകലാശാല സിൻഡിക്കേറ്റ് അംഗം അഡ്വ. ജി.മുരളീധരൻ എന്നിവർ പ്രസംഗിക്കും.

2024 നവംബർ 26 ന് വൈകിട്ട് 4 മണിക്ക് ചേരുന്ന സമാപന സമ്മേളനം സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഉദ്ഘാടനം നിർവ്വഹിക്കും. സർവകലാശാല രജിസ്ട്രാർ പ്രൊഫ. (ഡോ.) കെ.എസ്.അനിൽകുമാർ അദ്ധ്യക്ഷത വഹിക്കും.

രാജ്യത്തെ വിവിധ സർവകലാശാലകളിൽ നിന്നായി അൻപതോളം പ്രബന്ധങ്ങൾ, രണ്ട് ദിവസങ്ങളിലായി നടക്കുന്ന ദേശീയ സെമിനാറിൽ അവതരിപ്പിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**